"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ഓപ്പറേഷൻ ഓണക്കാഴ്ച്ച-വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധന-കണ്ണൂർ നഗരസഭാസെക്രട്ടറിയായിരുന്ന ശ്രീ.വി.ആർ.രാജുവിന് എതിരായുള്ള അച്ചടക്ക നടപടി -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1703/2025/LSGD തീയതി,തിരുവനന്തപുരം, 10-07-2025

---

പരാമർശം:-

1. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 11.01.2013 ലെ ഇ13(എസ്. സി4/12/കെ എൻ ആർ )34391/2012 നമ്പർ കത്ത്.
2. 16.07.2013 ലെ 606/ഡി1/2013/വിജ് നമ്പർ കത്ത്.
3. 30.10.2013 തിയതിയിലെ 50632/ഇയു1/2013/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ/പത്രിക.
4. ശ്രീ.വി .ആർ. രാജു 05.02.2014 ൽ സമർപ്പിച്ച പ്രതിവാദപത്രിക.
5. സ.ഉ(സാധാ)നം.3350/2014/തസ്വഭവ നമ്പർ തീയതി 18.12.2014
6. കോഴിക്കോട് നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 25.11.2015 ലെ സി6-5008/14 നമ്പർ കത്ത്.
7. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.12.2018 ലെ സി6(വി.സി09/14/കെ എൻ ആർ)430/15 നമ്പർ കത്ത്
8. നഗരകാര്യ ഡയറക്ടറുടെ 04.10.2018-ലെ വി2-19753/13 നമ്പർ കത്ത്.
9. 24.04.2023 ലെ ഇയു1/267/2021/തസ്വഭവ നമ്പർ കാരണം കാണിക്കൽ.
10. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 25.12.2023 ലെ എൽ.എസ്.ജി.ഡി/പിഡി/7582/2023.വിജ് ഇ3 നമ്പർ കത്ത്
11. കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെ 19.05.2025-ലെ A1-1/22/2024-kpsc നമ്പർ കത്ത്.

**ഉത്തരവ്**

കെട്ടിട നിർമ്മാണാനുമതി പൂർത്തീകരണ സർട്ടിഫിക്കറ്റ് താമസംവിനാ നൽകുന്നതിനായി ഉത്സവകാലങ്ങളിൽ നഗരസഭാസെക്രട്ടറി, നഗരസഭാ എഞ്ചിനിയർ എന്നിവർ അനധികൃതമായി പാരിതോഷികങ്ങൾ സ്വീകരിക്കുന്നതായ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഓപ്പറേഷൻ ഓണക്കാഴ്ച്ചയുടെ ഭാഗമായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 24.08.2012-ൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.വി.ആർ.രാജുവിന്റെ ഔദ്യോഗിക വസതിയിൽ നടത്തിയ പരിശോധനയിൽ നഗരസഭാ സെക്രട്ടറിയുടെ ബാഗിൽ നിന്നും

2,50,000/- രൂപയും മേശവലിപ്പിൽ നിന്നും 50,000/- രൂപയും ഡയറിയിൽ നിന്നും 75000/- രൂപയും പേഴ്സിൽ നിന്നും 6500/- രൂപയും (ആകെ 3,81,500/- രൂപ) കണ്ടെത്തിയിരുന്നു. ആയതിന്റെ സ്രോതസ്സ് സംബന്ധിച്ച് നഗരസഭാ സെക്രട്ടറിയോട് ആരാഞ്ഞതിൽ 2.5 ലക്ഷം രൂപ മുഹമ്മദ് എന്ന ആർക്കിടെക്ട് നൽകിയതാണെന്നും 50,000/- രൂപ മുനിസിപ്പൽ എഞ്ചിനിയർക്ക് വേണ്ടി മറ്റാരോ നൽ കിയതാണെന്നും 75,000/- രൂപ ടിയാന്റെ ശമ്പളമാണെന്നും 6,500/-രൂപ സ്വകാര്യ ആവശ്യങ്ങൾക്കായി സൂക്ഷിച്ചതാണെന്നും ശ്രീ.വി.ആർ.രാജു മൊഴിനൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിലുള്ള തുടർ പരിശോധനയിൽ 2.5 ലക്ഷം രൂപ റവന്യൂ റിക്കവറി നടപടികൾ ഒഴിവാക്കുന്നതിനായി ധനലക്ഷ്മി ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടർ ശ്രീ.ധനഞ്ജയൻ പാരിതോഷികമായി നൽകിയതാണെന്നും 50,000/-രൂപ ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കൺസർ ഡവലപ്പിംഗ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡിന്റെ ബ്രാഞ്ച് മാനേജർ ശ്രീ. കുര്യാക്കോസ് നൽകിയതാണെന്നും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പിന്റെ പരാമർശം (1), (2) എന്നിവയിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ.വി.ആർ രാജുവിനെതിരെ കേരളസിവിൽ സർവീസ് തരംതിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കഠിനശിക്ഷാ നടപടി ആരംഭിക്കുകയും പരാമർശം (3) പ്രകാരം കുറ്റാരോപണ പത്രം നൽകുകയും ചെയ്തു.

2) കുറ്റാരോപണ പത്രത്തിന് ടിയാൻ പരാമർശം (4)പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ മേൽ ആരോപണങ്ങൾ നിഷേധിക്കുകയും പരിശോധനാ വേളയിൽ അറസ്റ്റ് ചെയ്യുമെന്ന് ഭീഷണിപ്പെടുത്തി ബ്ലാങ്ക് പേപ്പറിൽ വിജിലൻസ് ഒപ്പിട്ട് വാങ്ങിയതാണെന്നും മകളുടെ എം.ബി.ബി.എസ് പഠനത്തിനായി വായ്പ വാങ്ങിയ പണമാണ് വിജിലൻസ് കണ്ടെടുത്തത് എന്നും ശ്രീ.രാജു അന്വേഷണോദ്യോഗസ്ഥൻ മുൻപാകെ ബോധിപ്പിക്കുകയുണ്ടായി. 18.05.2012 തീയതിൽ ധനലക്ഷ്മി ഹോസ്പിറ്റൽ എം.ഡിയ്ക്ക് നഗരസഭാ ഓഫീസിൽ നിന്നും 19,46,490/- രൂപ അടയ്ക്കുന്നത് ആവശ്യപ്പെട്ട് കൊണ്ടുള്ള ഡിമാന്റ് നോട്ടീസിന് എം.ഡി. മറുപടി നൽകുകയും 15.06.2012-ൽ സെക്രട്ടറി എന്ന നിലയിൽ തന്റെ മുമ്പിൽ വിചാരണ നടത്തുകയും തുടർന്ന് ഡിമാന്റ് നോട്ടീസിലെ തുക ഒടുക്കുന്നതിന് നിർദ്ദേശിക്കുകയും മുതലും പലിശയുമായി മൊത്തം 19,18,368/- രൂപ എം.ഡിയായ ശ്രീ.ധനഞ്ജയനിൽ നിന്നും റവന്യൂ റിക്കവറി മുഖേന വസൂലാക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് റിക്വിസിഷൻ നൽകിയിട്ടുണ്ടെന്നും ആയതിനാൽ ടി ആരോപണം അടിസ്ഥാന രഹിതവും ഒക്യുപെൻസി സർട്ടിഫിക്കറ്റിന് പാരിതോഷികം വാങ്ങിച്ചു എന്നത് അടിസ്ഥാന രഹിതവുമാണെന്ന് ശ്രീ.വി.ആർ.രാജു പ്രസ്താവിച്ചിട്ടുണ്ട്. താൻ ഒപ്പിട്ട് നൽകിയ ബ്ലാങ്ക് പേപ്പറിൽ വിജിലൻസ് അധികാരികൾ തനിക്കെതിരെ തെളിവുണ്ടാക്കണമെന്ന ഉദ്ദേശ്യത്തിൽ, വ്യക്തിപരമായ വിരോധം ഉള്ളതിനാലാകാം ഇത്തരം റിപ്പോർട്ടെന്നും ശ്രീ.വി.ആർ.രാജു മൊഴിനൽകിയിട്ടുണ്ട്. ടിയാൻ സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദഗതികൾ തൃപ്തികരമല്ലാത്തതിനാൽ കേരള സിവിൽ സർവീസ് തരം തിരിക്കലും നിയന്ത്രണവും അപ്പീലും ചട്ടങ്ങളിലെ ചട്ടം 15(10) പ്രകാരം ഔപചാരിക അന്വേഷണത്തിന് കോഴിക്കോട് നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറെ അന്വേഷണോദ്യോഗസ്ഥനായി നിയമിച്ച് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

3) കണ്ണൂർ നഗരസഭയിലെ ക്ലാർക്കുമാരെ വിസ്തരിച്ചതിൽ ശ്രീ.വി.ആർ.രാജു സമർപ്പിച്ച പ്രതിവാദ പത്രികയിലെയും അന്വേഷണവേളയിൽ നൽകിയ മൊഴിയിലും പറയുന്ന കാര്യങ്ങൾ യോജിച്ച് പോകുന്നതായും കുറ്റാരോപണ പത്രികയിലെ ആരോപങ്ങൾ സംശയാതീതമായി തെളിയിക്കാൻ കഴിഞ്ഞിട്ടില്ലെന്നും ശ്രീ.വി.ആർ.രാജുവിന്റെ വസതിയിൽ നിന്നും വിജിലൻസ് കണ്ടെടുത്ത തുക നിയമവിരുദ്ധ പാരിതോഷികമാണെന്ന നിഗമനത്തിലെത്താൻ തനിക്ക് കഴിയുന്നില്ലെന്നും

ആയതിനാൽ ടി തുക ശ്രീ.യു.മുഹമ്മദിൽ നിന്നും ശ്രീ.രാജു വായ്പയായി വാങ്ങിയ തുകയാണെന്ന് ലഭ്യമായ തെളിവുകൾ പ്രകാരം വിശ്വസിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥൻ പരാമർശം (6) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4) വിജിലൻസ് അധികാരികൾ കണ്ടെത്തിയ 3,81,500/- രൂപയിൽ 81,500/- രൂപ ശ്രീ.വി.ആർ.രാജുവിന് തിരികെ നൽകിയതായി മേഖലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും മകളുടെ എം.ബി.ബി.എസ് അഡ്മിഷൻ ആവശ്യത്തിനായി ടിയാന്റെ സുഹൃത്തായ ശ്രീ.മുഹമ്മദിൽ നിന്നും 3 മാസ കാലാവധി സമ്മതിച്ച് മുദ്രപത്രത്തിൽ കരാർ വച്ച് 24.08.2012-ൽ വായ്പയായി കൈപ്പറ്റിയ 3 ലക്ഷം രൂപയാണ് ടിയാന്റെ കൈയ്യിൽ നിന്നും കണ്ടെത്തിയിട്ടുള്ളതെന്ന് അന്വേഷണ സമയത്ത് വിജിലൻസിനെ ധരിപ്പിച്ചുവെങ്കിലും ആയത് കേൾക്കുവാൻ അന്വേഷണ സംഘം തയ്യാറായില്ലെന്നാണ് ടിയാൻ പരാമർശം (4) പ്രകാരം സമർപ്പിച്ചിട്ടുള്ള പ്രതിവാദ പത്രികയിൽ പരാമർശിച്ചിട്ടുള്ളതെന്നും മകളുടെ എം. ബി.ബി.എസ് അഡ്മിഷൻ ആവശ്യത്തിലേയ്ക്ക് ടി തുക സുഹൃത്തിൽ നിന്നും 3 മാസത്തെ കാലാവധിയിൽ വായ്പയായി 24/08/2012 ന് കൈപ്പറ്റിയതിന്റെയും ആയത് 29/12/2012ന് തിരികെ നൽകിയതിന്റെയും രേഖകൾ ഹാജരാക്കിയതായും ശ്രീ.വി.ആർ.രാജുവിനെ അച്ചടക്കനടപടിയിൽ നിന്നും ഒഴിവാക്കണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം (8) കത്ത് മുഖേന ശിപാർശ ചെയ്തിരുന്നു.

5) ശ്രീ.വി.ആർ. രാജുവിനെതിരെ രജിസ്റ്റർ ചെയ്തിരുന്ന നം. VC 09/2014/KNR കേസിലെ അന്തിമ റിപ്പോർട്ട് കുറ്റാരോപിതർക്ക് കഠിന ശിക്ഷ നൽകണമെന്നുള്ള അന്വേഷണ ഉദ്യോഗസ്ഥന്റെ/ വിജിലൻസ് ഡയറക്ടറുടെ ശിപാർശ അംഗീകരിച്ചു കൊണ്ട് വിജിലൻസ് കോടതി തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ട് FAD ആയി കേസ് തീർപ്പാക്കി തുടർ നടപടികൾ അവസാനിപ്പിച്ചിരിക്കുന്നതിനാലും ഗുരുതരമായ സാമ്പത്തിക കുറ്റകൃത്യം കണ്ടെത്തിയിട്ടുള്ളതിനാൽ, കുറ്റാരോപിതൻ 31/05/2019-ൽ വിരമിച്ച സാഹചര്യം കൂടി പരിഗണിച്ച് KSR-ലെ Part III Rule 3 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ സ്ഥിരമായി കുറവ് ചെയ്യാമെന്ന താൽക്കാലിക തീരുമാനമെടുക്കുകയും ടിയാന് പരാമർശം (9) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു. ടിയാൻ കാരണം കാണിക്കൽ നോട്ടീസിന് നൽകിയ മറുപടിയിൽ താൻ 31.05.2019 ൽ വിരമിച്ചിട്ടുള്ളതാണെന്നും, 31.10.2013 ലെ കുറ്റാരോപണ പത്രികകക്ക് നേരിൽ ഹാജരായി മറുപടി നൽകിയിട്ടുള്ളതാണെന്നും, തന്റെ നിരപരാധിത്വം ബോധിപ്പിച്ചിട്ടുള്ളതാണെന്നും, സേവനകാലയളവിൽ ജോലി ചെയ്ത നഗരസഭകളിലെല്ലാം കാര്യക്ഷമമായ പ്രവർത്തനം നടത്തിയിട്ടുണ്ടെന്നും, നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ലെന്നും, നിലവിൽ പലവിധ അസുഖങ്ങളാൽ ബുദ്ധിമുട്ടുകയാണെന്നും നിശ്ചിത കാലയളവു പറയാതെ സ്ഥിരമായി തന്റെ പെൻഷനിൽ നിന്നും 500/- രൂപ വീതം കുറവു ചെയ്യാനുള്ള താത്കാലിക തീരുമാനം ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുള്ളതാണ്. ടി പ്രതിവാദ പത്രികയിൽ കണ്ണൂർ ജില്ല ജോയിന്റ് ഡയറക്ടർ സമർപ്പിച്ച അഭിപ്രായ റിപ്പോർട്ടും ആയതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (10) പ്രകാരം അഭിപ്രായവും അറിയിച്ചിരുന്നു.

6) ശ്രീ.വി.ആർ.രാജു കണ്ണൂർ നഗരസഭാ സെക്രട്ടറിയായിരുന്ന സമയത്ത് ഔദ്യോഗിക വസതിയിൽ നടത്തിയ പരിശോധനയിൽ ടിയാന്റെ ബാഗ്, മേശവലിപ്പ്, ഡയറി, പഴ്സ് എന്നിവിടങ്ങളിൽ നിന്നുമായി 3,81,500/- രൂപ കണ്ടെടുത്തുവെന്നും ആയതിൽ 300,000/-രൂപ കണ്ണൂരിലെ ധനലക്ഷ്മി ആശുപത്രി ഉടമ ധനഞ്ജയൻ, കൺസർ ഡവലപ്മെന്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ മാനേജർ കര്യാക്കോസ് എന്നിവരിൽ നിന്നും പാരിതോഷികമായി സ്വീകരിച്ചതാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ അച്ചടക്കനടപടി സ്വീകരിക്കുകയും

കുറ്റാരോപണ പത്രിക നൽകുകയും , ആയതിന് ശ്രീ.വി.ആർ.രാജു നൽകിയ പ്രതിവാദ പത്രികയിലെ വിശദീകരണങ്ങൾ തൃപ്തികരമല്ലാത്തതിനാലും ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാലും KSR- Part III Rule3 അനുസരിച്ച് ടിയാന്റെ പ്രതിമാസപെൻഷനിൽ നിന്നും പ്രതിമാസം 500/- രൂപ വീതം സ്ഥിരമായി കുറവുചെയ്യുന്നതിന് താത്കാലികമായി തീരുമാനിച്ചിട്ടുണ്ടെന്നും ആയത് സ്ഥിരപ്പെടുത്താതിരിക്കാൻ കാരണമുണ്ടെങ്കിൽ ആയത് ബോധിപ്പിക്കുന്നതിനുമാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. 30.10.2013 ന് നൽകിയ കുറ്റാരോപണ പത്രികയ്ക്ക് ശ്രീ.വി.ആർ.രാജു സമർപ്പിച്ച പ്രതിവാദപത്രികയും നേരിൽ കേട്ടതിൽ ബോധിപ്പിച്ച മൊഴിയും തൃപ്തികരമല്ലാത്തതിനാലാണ് കാരണം കാണിക്കൽ നോട്ടീസിന് ആസ്പദമായ താത്കാലിക തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. പ്രതിവാദപത്രിക, ഹിയറിംഗിലെ മൊഴി എന്നിവയിൽ ബോധിപ്പിച്ചതിൽ കൂടുതലായൊന്നും കാരണം കാണിക്കൽ നോട്ടീസിലെ ഖണ്ഡിക 1 ലെ ആരോപണങ്ങൾക്ക് വിശദീകരണമായി മറുപടിയിൽ ടിയാൻ പറഞ്ഞിട്ടില്ലാത്തതാണ്. ആയതിനാൽ KSR- Part III Rule3 പ്രകാരം തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നുള്ള വിവരം മേൽ കത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7) സി.റ്റി.പി വിജിലൻസ് നടത്തിയ പരിശോധനയിൽ 01.04.2009 മുതൽ ഒക്യുപ്പൻസി സർട്ടിഫിക്കറ്റില്ലാതെ പ്രവർത്തിച്ചിരുന്ന ആശുപത്രി കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ ശ്രീ. ധനഞ്ജയൻ 21.07.2012 ൽ സമർപ്പിച്ചതായും 23.08.2012 ന് സെക്രട്ടറി, എഞ്ചിനീയറുടെ ശിപാർശയിൽ പ്ലാൻ അംഗീകരിച്ചിട്ടുമുണ്ടെന്ന് സൂചിപ്പിച്ചിട്ടുണ്ട്. 19,46,490/- രൂപ ഡിമാന്റ് നോട്ടിസ് അയച്ച മേൽ കെട്ടിടത്തിന്റെ കുടിശ്ശിക ഈടാക്കാതെ 23.08.2012 ന് കെട്ടിടത്തിന്റെ നിർമ്മാണം ക്രമവൽക്കരിച്ചു നൽകുകയും ചെയ്തിട്ടുണ്ടെന്നും സി.റ്റി.പി (വിജിലൻസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 28.09.2012 തിയതിയിൽ ഓൺലൈനായി റവന്യ റിക്കവറി നടപടികളിലൂടെ തുക വസൂൽ ചെയ്യുന്നതിന് മിന്നൽ പരിശോധനയ്ക്കു ശേഷം കണ്ണൂർ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടുവെന്ന് അന്വേഷണോദ്യോഗസ്ഥനും സൂചിപ്പിച്ചിട്ടുണ്ട്. മുനിസിപ്പൽ സെക്രട്ടറിയും മുനിസിപ്പൽ എഞ്ചിനീയറും ഈ വിഷയത്തിൽ കുറ്റക്കാരാണെന്ന് സി.റ്റി.പി കണ്ടെത്തിയിട്ടുമുണ്ട്. അതിൽ നിന്നും ടിയാന്റെ വീട്ടിൽ നിന്നും കണ്ടെത്തിയ തുക ടിയാൻ പാരിതോഷികമായി കൈപ്പറ്റിയതായി കരുതാനെ കഴിയുകയുള്ളൂ. കൂടാതെ ശ്രീ വി.ആർ രാജു തന്റെ മകളുടെ എം. ബി.ബി.എസ് അഡ്മിഷൻ ആവശ്യത്തിലേയ്ക്ക് ടി തുക സുഹൃത്തിൽ നിന്നും വാങ്ങിയതാണെന്ന് പറയുന്നെങ്കിലും അതിന്റെ വിനിയോഗം സംബന്ധിച്ച് മറ്റ് രേഖകളൊന്നും തന്നെ അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെയോ പ്രതിവാദ പ്രതികയിലോ സൂചിപ്പിച്ചില്ല. കൂടാതെ സിറ്റിപി വിജിലൻസിന്റെ കണ്ടെത്തലുകളിൽ കണ്ട കാര്യങ്ങളൊന്നും തന്നെ അന്വേഷണോദ്യോഗസ്ഥൻ പരാമർശിച്ചിട്ടില്ലാത്തതുമാണ്. ശ്രീ.വി.ആർ.രാജു സമർപ്പിച്ച പ്രതിവാദപത്രികയിലെ വാദഗതികൾ പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ പ്രതിവാദപത്രിക, ഹിയറിംഗിലെ മൊഴി എന്നിവയിൽ ബോധിപ്പിച്ചതിൽ കൂടുതലായൊന്നും കാരണം കാണിക്കൽ നോട്ടീസിലെ ഖണ്ഡിക 1 ലെ ആരോപണങ്ങൾക്ക് വിശദീകരണമായി മറുപടിയിൽ ടിയാൻ പറഞ്ഞിട്ടില്ലാത്തതാണ്. ആയതിനാൽ KSR- Part III Rule3 അനുസരിച്ച് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപ വീതം സ്ഥിരമായി കറവുചെയ്യുന്നതിനായുള്ള താത്കാലിക തീരുമാനത്തിന്മേൽ കേരളാ പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശം തേടിയിരുന്നു.

8) ഇക്കാര്യത്തിൽ കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ നിന്നുള്ള പരാമർശം (11) ഉപദേശത്തിൽ, ടി കേസ് ബന്ധപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം സ്ഥിരമായി കറവുചെയ്യുന്നതിനായുള്ള സർക്കാരിന്റെ താത്കാലിക തീരുമാനത്തോട് യോജിക്കുകയും അപ്രകാരം സർക്കാരിനെ

ഉപദേശിക്കുകയും ചെയ്തിട്ടുള്ളതാണ്.

9) മേൽ സാഹചര്യത്തിൽ കണ്ണൂർ നഗരസഭാ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നതും 31.05.2019 ൽ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതുമായ ശ്രീ.വി.ആർ.രാജുവിന്റെ ഔദ്യോഗിക വസതിയിൽ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ 24.08.2012-ൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ. ടിയാനെതിരായി ആരംഭിച്ച അച്ചടക്കനടപടി KSR Part III Rule 3 അനുസരിച്ച് ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 500/-രൂപാ വീതം സ്ഥിരമായി കറവുചെയ്യാനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി, അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണവകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്),തിരുവനന്തപുരം
ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.വി.ആർ.രാജു, മുനിസിപ്പൽ സെക്രട്ടറി(റിട്ട.) (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 10-07-2025 12:08:28
സെക്ഷൻ ഓഫീസർ